LIBRARY ARCHIVES Kerala Legislative Assembly

കൃഷിയോഗ്യമായ തരിശു ഭൂമി

47 (4435) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ കൃഷിയോഗ്യമായ എത്ര തരിശുഭൂമി ഉണ്ടെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ അറിയിക്കാമോ; വിശദമാക്കാമോ?

വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനത്ത് കൃഷി ചെയ്യാൻ തയ്യാറാകാത്ത തരിശുഭൂമിയുടെ ഉടമസ്ഥർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ കഴിയുമോ; വിശദ വിവരങ്ങൾ നൽകാമോ?

സുഭിക്ഷകേരളം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ് പുറപ്പെടുവിച്ച 18-5-2020-ലെ സ.ഉ.(കൈ)നമ്പർ 14/2020 ആ.സാ.വ. പ്രകാരം തരിശ് ഭൂമിയിൽ കൃഷി ചെയ്യുന്നതിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൃഷിക്കുപയോഗിക്കാൻ കഴിയുന്ന തരിശ് നിലങ്ങൾ കൃഷി ചെയ്യുവാൻ ഉടമ സന്നദ്ധമല്ലെങ്കിൽ ഭൂമിയുടെ ഉടമസ്ഥാവകാശത്തിന്റെ സുരക്ഷ ഉടമയെ ബോധ്യപ്പെടുത്തി കൃഷി ചെയ്യുന്ന കർഷകന്/കർഷക ഗ്രൂപ്പുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൈമാറേണ്ടതാണെന്നത് പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. 2008 നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് (2018 ഭേദഗതി) വകുപ്പ് 15, 16 പ്രകാരം തരിശ് നെൽവയൽ കൃഷി ചെയ്യാനുള്ള നിർദ്ദേശങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്.

തരിശു ഭൂമിയിൽ പച്ചക്കറി ഉല്പാദനം

48 (4436) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തരിശ് കിടക്കുന്നതും കൃഷിക്ക് ഉപയുക്തമാക്കാവുന്നതുമായ ഭൂമി കണ്ടെത്തി പച്ചക്കറി ഉല്പാദനം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം കൃഷി ഭൂമികളുടെ സർവ്വേ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എ&ബി) സംസ്ഥാനത്ത് തരിശ് കിടക്കുന്നതും കൃഷിക്ക് ഉപയുക്തമാക്കാവുന്നതുമായ ഭൂമി കണ്ടെത്തി പച്ചക്കറി കൃഷി നടപ്പാക്കുന്നതിനായി കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ സുഭിക്ഷ കേരളം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി കർഷകർക്ക് ധനസഹായം നൽകുന്നുണ്ട്. തരിശ്ശു ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകന് കൃഷി ചെലവുകൾക്കായി 37,000 രൂപയും ഭൂമി കൃഷി ചെയ്യുന്നതിനായി വിട്ടുകൊടുക്കുന്ന ഉടമസ്ഥന് ഹെക്ടറിന് 3,000 രൂപയുമാണ് നൽകിവരുന്നത്. സുഭിക്ഷകേരളം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ഈ സാമ്പത്തിക വർഷം 625 ഹെക്ടർ തരിശ്ശുഭൂമിയിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിനായി 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുതല കൃഷി ഓഫീസർമാർ തരിശായി കിടക്കുന്ന ഭൂമിയുടെ വിവരങ്ങൾ പഞ്ചായത്ത് കമ്മിറ്റി/കാർഷിക വികസന സമിതി എന്നിവിടങ്ങളിൽ ചർച്ച ചെയ്ത് തരിശ്ശുഭൂമി കണ്ടെത്തി പച്ചക്കറി കൃഷി നടപ്പിലാക്കുകയാണ് ഇപ്പോൾ ചെയ്തുവരുന്നത്. തരിശ്ശുഭൂമികളുടെ സർവ്വേ നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ സർക്കാർ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ ഒരു ഹെക്ടറിന് 10,000 രൂപ നിരക്കിൽ ജൈവപച്ചക്കറി കൃഷി ചെയ്യുന്ന സുഭിക്ഷം-സുരക്ഷിതം പദ്ധതി- ഭാരതീയ പ്രകൃതി കൃഷി പദ്ധതിയിലെ കർഷകർക്ക് അധിക ധനസഹായമായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ജൈവ രീതിയിൽ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ "സേഫ് റ്റു ഈറ്റ്-കേരള ഓർഗാനിക്" എന്ന ബ്രാൻഡിൽ കമ്പോള വിലയേക്കാൾ ഉയർന്ന വിലയ്ക്ക് സംഭരിച്ച് വിപണനം നടത്തുന്നതിനായി ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. ഒരു ഇക്കോഷോപ്പിന് രണ്ട് ലക്ഷം രൂപ വീതം ധനസഹായം നൽകുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും പച്ചക്കറി സംഭരിച്ച് വിൽപ്പന നടത്തുന്നതിനുള്ള റിവോൾവിംഗ് ഫണ്ടിനായും ഈ തുക ചെലവഴിക്കുന്നു. ഇക്കോഷോപ്പുകൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തി ഇതിനായി താല്പര്യമുള്ള GAP ക്ലസ്റ്ററുകൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. നാളിതുവരെ 274 ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് 'ജൈവകൃഷിയും ഉത്തമ കൃഷി മുറകളും' പദ്ധതിക്കുകീഴിൽ ആരംഭിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം പുതിയ 12 ഇക്കോഷോപ്പുകൾ ആരംഭിക്കുന്നതിന് 28 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പാക്കിവരുന്നു. വിപണികളിൽ ലഭ്യമാകുന്ന പഴം, പച്ചക്കറികൾ സുരക്ഷിത ഭക്ഷണമാണെന്ന് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വെള്ളായണി കാർഷിക കോളേജ് (തിരുവനന്തപുരം), ഹോർട്ടിക്കൾച്ചർ കോളേജ് വെള്ളാണിക്കര (തൃശ്ശൂർ), ആർ.എ.ആർ.എസ്. മങ്കൊമ്പ് (ആലപ്പുഴ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നീ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന "കീടനാശിനി അവശിഷ്ട

LIBRARY ARCHIVES Kerala Legislative Assembly

വിഷാംശ പരിശോധന" ലാബുകളിലെ ഉദ്യോഗസ്ഥർ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശം ടി ലാബിൽ പരിശോധിച്ച് പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. അതുവഴി ഉപഭോക്താക്കൾക്ക് ഗുണമേന്മ ഉറപ്പു വരുത്താനും കൂടുതൽ സ്വീകാര്യത കൈവരിക്കാനും സാധിക്കും. കൂടാതെ പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ.) പദ്ധതിയിൽ കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ 60:40 അനുപാതത്തിൽ ഉപയോഗിച്ച് ജൈവകൃഷി വ്യാപനം നടത്തുന്നു. തുടർച്ചയായി മൂന്നു വർഷം ധനസഹായം നൽകി ജൈവകൃഷി നടപ്പിലാക്കുന്നു. ക്ലസ്റ്റർ ഒന്നിന് 14.95 ലക്ഷം രൂപ വീതം ധനസഹായം നൽകും. 624 ക്ലസ്റ്ററുകൾ രൂപീകരിച്ചു. 12480 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപിപ്പിച്ചു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഓരോ കർഷകനും പി.ജി.എസ്. സർട്ടിഫിക്കേഷൻ നൽകുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിൽ പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ.) പദ്ധതിയിൽ പുതിയ 5 ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ കേന്ദ്ര, സംസ്ഥാന ആവിഷ്കൃത പദ്ധതിയായ സുഭിക്ഷം സുരക്ഷിതം പദ്ധതി (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) (കാർഷിക പരിസ്ഥിതി അധിഷ്ഠിത വിള സംരക്ഷണം) നടപ്പിലാക്കിവരുന്നു. പൂർണമായും സ്വാഭാവിക കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് സ്വാഭാവിക കൃഷി വ്യാപിപ്പിക്കുക എന്നതാണ് ടി പദ്ധതിയുടെ ഉദ്ദേശം. ടി പദ്ധതിയുടെ മാനദണ്ഡം പാലിച്ച് കൃഷി ചെയ്യുന്ന കർഷകർക്ക് മൂന്നാം വർഷം പി.ജി.എസ്. ഓർഗാനിക് സർട്ടിഫിക്കറ്റ് ലഭിക്കുന്നു. കേരളത്തിൽ ഒരു ക്ലസ്റ്ററിന് 500 ഹെക്ടർവീതം ആകെ 168 ക്ലസ്റ്ററുകളാണ് (84000 ഹെക്ടർ) ടി പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. ഒരു ക്ലസ്റ്ററിന് 26.52 ലക്ഷം രൂപ വകയിരുത്തുക വഴി 4,455.36 ലക്ഷം രൂപ ഒന്നാം വർഷം ചെലവഴിക്കും.

(ഡി) ഇത്തരം കൃഷികളുടെ പ്രായോഗികതയും അവയുടെ കൃഷി രീതികളും സംബന്ധിച്ച് കർഷകന് ശാസ്ത്രീയവബോധം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ജൈവകൃഷിയുടെ പ്രായോഗികതയും കൃഷി രീതികളും സംബന്ധിച്ച് കർഷകന് ശാസ്ത്രീയവബോധം നൽകുന്നതിന് കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ 60:40 ഫണ്ടുകളുടെ അനുപാതത്തിൽ കേരളത്തിൽ പരമ്പരാഗത കൃഷി വികാസ് യോജനയും സുഭിക്ഷം സുരക്ഷിതം

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേഴ്സിറ്റി കൺസർവേഷൻ)-യും നടപ്പിലാക്കുന്നു. ടി പദ്ധതികളിൽ അംഗമാകുന്ന കർഷകർക്ക് ജൈവകൃഷി രീതിയെക്കുറിച്ച് ശാസ്ത്രീയാവബോധം നൽകുന്നതിന് കർഷകർക്ക് പരിശീലനം, കർഷകർക്കുള്ള പഠന യാത്ര, പദ്ധതിയിലെ കർഷകർക്കിടയിൽനിന്നും കർഷക പ്രതിനിധികളെ (ജൈവ കൃഷി/പ്രകൃതി കൃഷി/കാർഷിക പരിസ്ഥിതി അധിഷ്ഠിത കൃഷി രീതികൾ അവലംബിച്ച് പ്രവൃത്തി പരിചയമുള്ള കർഷകർ) തെരഞ്ഞെടുത്ത് ജൈവകൃഷിയെക്കുറിച്ചുള്ള പരിശീലനം മറ്റ് കർഷകർക്ക് നൽകുന്നു. കൂടാതെ കർഷകരുടെ കൃഷിയിടങ്ങളിൽ മാതൃക പ്രദർശന തോട്ടം നിർമ്മിച്ച് ക്ലസ്റ്ററിലെ മറ്റ് കർഷകർക്ക് ഈ കൃഷി രീതി ഏറ്റെടുക്കുന്നതിന് ശാസ്ത്രീയവബോധം നൽകുന്നു.

അപ്പർ കുട്ടനാട്ടിലെ നെല്ല് സംഭരണം

49 (4437) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപ്പർ കുട്ടനാടൻ കൃഷിനിലങ്ങളിൽ നെൽകൊയ്ത്ത് കഴിഞ്ഞാൽ നെല്ല് സംഭരണത്തിന്റെ സമയത്തുണ്ടാകുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുള്ള ഗ്രേഡനിലവാര മാനദണ്ഡമനുസരിച്ചാണ് സപ്ലൈകോ നെല്ല് സംഭരിക്കുന്നത്. കുട്ടനാടൻ/അപ്പർ കുട്ടനാടൻ കൃഷി നിലങ്ങളിൽ ചില സമയങ്ങളിൽ കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പരിധിയിൽ കവിഞ്ഞ അളവിൽ ഈർപ്പം, പതിര്, രോഗബാധയുള്ള നെല്ല് എന്നിവ കാണപ്പെടാറുണ്ട്. ഇക്കാരണത്താൽ സംഭരണ സമയത്ത് തർക്കങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും ഇത്തരത്തിലുള്ള പ്രശ്നങ്ങളെല്ലാം പരിഹരിച്ച് നിശ്ചിത ഗ്രേഡ നിലവാരമുള്ള നെല്ല് സമയബന്ധിതമായി സപ്ലൈകോ കർഷകരിൽനിന്നും സംഭരിച്ചുവരുന്നു. 2020-21 സീസണിൽ ആലപ്പുഴ ജില്ലയിൽനിന്ന് 159769. 730 ടൺ നെല്ല് സംഭരിച്ചു.

(ബി) സ്വകാര്യ മില്ലുടമകൾ വിലപേശൽ നടത്തി കുറഞ്ഞ വിലയ്ക്ക് നെല്ല് സംഭരണം നടത്തി കർഷകരെ ചൂഷണംചെയ്യുന്നത് തടയാൻ നടപടി സ്വീകരിക്കുമോ?

സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള മില്ലുകൾ സപ്ലൈകോ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമാണ് നെല്ല് സംഭരിക്കുന്നത്. സർക്കാർ നിശ്ചയിച്ചിട്ടുള്ള നെല്ലിന്റെ സംഭരണവില കർഷകർക്ക് നൽകുന്നത് സപ്ലൈകോയാണ്. കൂടാതെ നെല്ല് എടുക്കുന്നത് സപ്ലൈകോ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് നടന്നുവരുന്നത്. ആയതിനാൽതന്നെ സംഭരിക്കുന്ന നെല്ലിന്റെ വിലയിന്മേൽ വിലപേശൽ നടക്കാറില്ല.